WEDNESDAY 22-06-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Sunilkumar R

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/06/2022.

1. **ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതി**യുടെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് (ജൂൺ 22) രാവിലെ 11 മണിക്ക് സെക്രട്ടറിയേറ്റ് അങ്കണത്തിൽ കൂടുന്ന യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷത വഹിക്കും.

2. ഒരു തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് നിർമ്മിത ഗ്രോബാഗുകൾ ഘട്ടംഘട്ടമായി കൃഷിവകുപ്പ് പദ്ധതികളിൽ നിന്ന് ഒഴിവാക്കുമെന്ന് കൃഷിമന്ത്രി പി. പ്രസാദ് പറഞ്ഞു. നിലവിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഗ്രോബാഗുകൾ ജീർണ്ണിച്ച് മണ്ണിനോട് ചേരാത്തവയാണ്. നിലവിലുള്ള പച്ചക്കറി വികസന പദ്ധതികളിലടക്കം നിരവധി പേരാണ് ഇത്തരം ഗ്രോബാഗുകൾ ഉപയോഗിച്ച് കൃഷി ചെയ്തുവരുന്നത്. ഈ സാഹചര്യത്തിൽ ബദൽ മാർഗങ്ങൾ തേടേണ്ടിയിരിക്കുന്നുവെന്നും പ്ലാസ്റ്റിക് നിർമ്മിത ഗ്രോബാഗുകൾ ഒഴിവാക്കി പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഗ്രോബാഗുകളിലെ കൃഷി പ്രോത്സാഹിപ്പിക്കുമെന്നും, പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും ചൂണ്ടികാട്ടി കർഷകരുടെ ഇടയിൽ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കുമെന്നും കൃഷിമന്ത്രി പറഞ്ഞു.

3. പി.എം കിസാൻ പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള കർഷകർ അവരുടെ ഭൂമി സംബന്ധമായ വിവരങ്ങൾ AIMS പോർട്ടലിൽ വ്യക്തിഗതമായി ചേർക്കേണ്ടതാണ്. കർഷകർ വസ്തുവിന്റെ കരം അടച്ച രസീത്, ആധാറിന്റെ കോപ്പി, മൊബൈൽ ഫോൺ എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവനകേന്ദ്രങ്ങൾ എന്നിവ മുഖേന ഭൂമി സംബന്ധമായ വിവരങ്ങൾ ഈ മാസം 30-നകമാണ് (ജൂൺ 30) ചേർക്കേണ്ടത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുന്നതിന് ഇത് അനിവാര്യമാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ തൃശൂർ വെള്ളാനിക്കര കൊക്കോ ഗവേഷണ കേന്ദ്രത്തിൽ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം കൊക്കോ തൈകൾ തൈ ഒന്നിന് 20 രൂപയ്ക്ക് വില്പനയ്ക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2438451, 2438452, 9061846212, 9446622960** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. ജില്ലാ കൃഷിതോട്ടം കൂത്താളിയിൽ, കുറ്റ്യാടി തെങ്ങിൻ തൈകൾ (WCT) തൈ ഒന്നിന് 100 രൂപ നിരക്കിലും, കാസർകോടൻ കമുകിൻതൈകൾ തൈ ഒന്നിന് 12 രൂപ നിരക്കിലും വിൽപ്പനയ്ക്ക് തയ്യാർ ആയിട്ടുണ്ട്. ആവശ്യമുള്ളവർ കൂത്താളി ജില്ലാ കൃഷിത്തോട്ടവുമായി ബന്ധപ്പെടേണ്ടതാണെന്ന് സൂപ്രണ്ട് അറിയിക്കുന്നു.

6. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന '**അടിയന്തിര രാത്രികാല വെറ്ററിനറി സേവനം**' എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം, ഹരിപ്പാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ, പൂർണ്ണമായും താൽക്കാലികമായി, പരമാവധി 89 ദിവസത്തേയ്ക്ക് രാത്രിസമയങ്ങളിൽ സേവനം നടത്തുവാൻ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നു. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നീ അവശ്യ യോഗ്യതകളോടൊപ്പം ക്ലിനിക്കൽ ഒബ്സ്ട്രട്രിക്സ് ആന്റ് ഗൈനക്കോളജി, ക്ലിനിക്കൽ മെഡിസിൻ, സർജറി എന്നിവയിൽ ബിരുദാനന്തര ബിരുദം തുടങ്ങിയവ അഭിലഷണീയ യോഗ്യതയായി കണക്കാക്കുന്നതാണ്. താൽപര്യമുള്ള കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ ഉള്ള വെറ്ററിനറി ബിരുദധാരികൾ ഈ **മാസം 25-ന്** (25-6-2022) രാവിലെ 11 മണിക്ക് ബയോഡാറ്റയും, യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണെന്ന് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0477-2252431** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. മന്ത്രി സഭ തിരുമാനങ്ങൾ അനുസരിച്ചു സംസ്ഥാനത്തൊട്ടാകെ അതിവേഗത്തിലും സമയ ബന്ധിതമായും ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പുകളുടെ സംസ്ഥാന തല ഉദ്ഘാടനം വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിച്ചു. കേരളത്തിലെ വിവിധ ഓഫീസുകളിൽ കെട്ടി കിടക്കുന്ന പരാതികളിലും ഫയലുകളിലും ഉടൻ തീർപ്പു കൽപ്പിക്കാനുള്ള

യജ്ഞത്തിൽ ഏവരും പങ്കാളികൾ ആകണമെന്നും വകുപ്പു തലത്തിൽ പൊതുജനങ്ങൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുന്ന പദ്ധതികളിൽ മുൻഗണന നൽകി ഉടൻ തീർപ്പുണ്ടാകുമെന്നു മന്ത്രി അറിയിച്ചു. ഇതിനായി രണ്ട് ആഴ്ചയിലൊരിക്കൽ അവലോകന യോഗങ്ങൾ വകുപ്പ് തലത്തിലും ഉന്നത തലത്തിലും ചേരുമെന്ന് മന്ത്രി അറിയിച്ചു. സെപ്റ്റംബർ അവസാനത്തോടു കൂടെ 3000 ഫയലുകൾ തീർപ്പാക്കാനാണ് തീരുമാനമെന്ന് ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നാളെ (ജൂൺ 23) രാവിലെ 11 മണിക്ക് **സ്ക്രബ് ടൈഫസ് (Scrub Typhus). ചെള്ളുപനി: ഒരു പൊതുജനാരോഗ്യ അവബോധം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക..

9. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 28, 29 (ജൂൺ 28,29) തീയതികളിൽ **ശുദ്ധമായ പാലുത്പന്നം** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. പ്രവേശന ഫീസ് 20 രൂപയാണ്. ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. താൽപ്പര്യമുള്ളവർ ഈ മാസം 25-ന് 5 മണിക്കു മുമ്പായി dd-dtc-kkd.dairy@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ 0495-2414579 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ഈ മാസം 24-ന് (ജൂൺ 24) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ നാളെ വൈകുന്നേരം 5 മണി വരെ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **8075028868** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. സ്റ്റേറ്റ് ഫോഡർ ഫാമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം **24,25** (ജൂൺ 24,25) തീയതികളിൽ **തീറ്റപ്പുൽ വിളകളും കൃഷിരീതികളും** എന്ന വിഷയത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ പേര്, മേൽവിലാസം, ഇ-മെയിൽ ഐഡി എന്നിവ **8078599881, 9400831831** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, sfftraining2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് മെസേജ് നൽകിയോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം